Malayala Manorama
മലയാള മനോരമ

# ഇന്ത്യയിലെ വിശുദ്ധ വനങ്ങളെപ്പറ്റി ബോധവൽക്കരണ ക്ലാസ് നടത്തി

## കാവുകൾക്കും കോവിൽ കാടുകൾക്കും സംരക്ഷണം ഉറപ്പാക്കണം

കോയമ്പത്തൂർ • ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് പാലക്കാട് ജവാഹർ നവോദയ വിദ്യാലയത്തിലെ വിദ്യാർഥികൾക്കായി 'പ്രകൃതി' ഓൺലൈൻ പരിസ്ഥിതി ബോധവൽക്കരണ ക്ലാസ് നടത്തി.

ഇന്ത്യയിലെ വിശുദ്ധ വനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചു ശാസ്ത്രജ്ഞനും എൻവിസ് കോഓർഡിനേറ്ററുമായ ഡോ. കണ്ണൻ വാരിയർ ക്ലാസെടുത്തു. കേരളത്തിൽ കാവുകളെന്ന് അറിയപ്പെടുന്ന ജൈവ വൈവിധ്യത്തിന്റെ കലവറകളായ ഇവ തമിഴ്നാട്ടിൽ കോവിൽ കാടുകളെന്നാണ് അറിയപ്പെടുന്നത്.

ഇന്ത്യയിൽ ആകെ ഇത്തരം 1,50,000 ഓളം വനമേഖലയുണ്ടെന്നു കണക്കുകൾ സൂചിപ്പിക്കുന്നു.

ഇന്ത്യൻ പരിസ്ഥിതി നയം അനുസരിച്ച് വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങൾക്കും ദേശീയ സ്മാരകങ്ങൾക്കും നൽകുന്ന അതേ സംരക്ഷണ മാനദണ്ഡങ്ങൾ കാവുകൾക്കും ഉറപ്പാക്കണമെന്ന് അദ്ദേഹം പറഞ്ഞു.

വംശനാശ ഭീഷണിയുള്ള ആലപ്പുഴയിലെ കാവുകളുടെ സമഗ്ര പഠനത്തിനു ജൈവ വൈവിധ്യ മേഖലയിലെ മികച്ച ഗവേഷകനുള്ള റോള എസ്. റാവു ദേശീയ പുരസ്കാര ജേതാവാണ്.

'ഐഎഫ്ജിടിബിയുടെ നേതൃത്വത്തിലുള്ള പ്രകൃതി' ബോധവൽക്കരണ പരിപാടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രി പ്രകാശ് ജാവഡേക്കറുടെ ശ്രദ്ധ നേടിയിരുന്നു.

220. News in Malayala Manorama, 13.09.2020, Prakruti Nature Awareness Programme on Sacred Groves that Received the Attention of the Honourable Union Minister, MoEFCC.